## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6483 11.07.2012 -ൽ മറുപടിയ്ക്ക്**

**<u>സമരം നടത്തുന്നവർക്കെതിരെ പോലീസ് നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം. എ. ബേബി<br>ശ്രീ ജി. സുധാകരൻ<br>ശ്രീ രാജു എബ്രഹാം<br>ശ്രീ പി. ശ്രീരാമകൃഷ്ണൻ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്ത് നടത്തുന്ന സമരങ്ങൾക്കുനേരെ ലാത്തിച്ചാർജ്ജ്, ജലപീരങ്കി, ഗ്രനേഡ്, ടിയർഗ്യാസ് പ്രയോഗങ്ങൾ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ച് സമാധാനപരമായി നടത്തുന്ന സമരങ്ങൾക്കു നേരെ ലാത്തിച്ചാർജ്ജ്, ജലപീരങ്കി, ഗ്രനേഡ്, ടിയർഗ്യാസ് പ്രയോഗങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സമരങ്ങൾ അക്രമാസക്തമാകുന്ന അവസരങ്ങളിൽ മറ്റു നിയമപരമായ മാർഗ്ഗങ്ങൾ ഫലപ്രദമല്ലാതെ വന്നാൽ പൊതുജനസുരക്ഷയും പൊതുമുതൽ സംരക്ഷണവും മുൻനിർത്തി പോലീസ് ലാത്തിച്ചാർജ്ജ്, ജലപീരങ്കി, ഗ്രനേഡ്, ടിയർഗ്യാസ് എന്നിവ പ്രയോഗിച്ച് അക്രമാസക്തമായ ജനക്കൂട്ടത്തെ പിരിച്ചുവിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതു വരെ ഏതെല്ലാം സ്ഥലങ്ങളിൽ ഏതെല്ലാം സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ ലാത്തിച്ചാർജ്ജ്, ജലപീരങ്കി, ഗ്രനേഡ്, ടിയർഗ്യാസ് പ്രയോഗങ്ങൾ നടക്കുകയുണ്ടായി ;<br><br>സി) ഇവയുടെ ഫലമായി ഏതെല്ലാം സ്ഥലങ്ങളിൽ സമരത്തിൽ പങ്കെടുത്ത എത്ര പേർക്ക് പരിക്കുപറ്റുകയുണ്ടായി ; എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ; | (ബി) & (സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) നിയമവിരുദ്ധമായി പ്രവർത്തിച്ച എത്ര പോലീസുകാർക്കെതിരെ, ഏതെല്ലാം സംഭവങ്ങളിൽ നടപടി സ്വീകരിക്കുകയുണ്ടായി ? | (ഡി) അനീഷ് രാജിന്റെ കൊലപാതകികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് നടത്തിയ സമരവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടന്ന അക്രമങ്ങളെ പോലീസ് നേരിട്ടപ്പോൾ അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു ഗ്രേഡ് എ.എസ്.ഐ. ഉൾപ്പെടെ 4 പോലീസ് ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ വീഴ്ചവരുത്തിയെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ച് അന്വേഷണം നടത്തിവരുന്നു. ഇവരിൽ 3 പോലീസ് ഉദ്യോഗസ്ഥരെ തിരുവനന്തപുരം ജില്ലയിൽ നിന്നു മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

6483

അനുബന്ധം

| ജില്ല | സ്ഥലങ്ങൾ | സമരം/സംഘടന | പരിക്കേറ്റ വരുടെ എണ്ണം | അറസ്റ്റു ചെയ്യപ്പെട്ട വരുടെ എണ്ണം | പോലീസുകാർ ക്കെതിരെ സ്വീകരിച്ച നടപടി |
|---|---|---|---|---|---|
| തിരു. സിറ്റി | സെക്രട്ടറിയേറ്റിന് മുൻവശം സ്പെൻസർ ജം. പാളയം,ഓൾഡ് വാർ മെമ്മോറിയൽ മസ്ക്കറ്റ് ഹോട്ടലിന് സമീപം LMS Compound. | സ്വാശ്രയ വിദ്യാഭ്യാസ നയത്തിനെതിരെ SFI/DYFI/AIYF/AISF SDPI/യുവമോർച്ച; അനീഷ് രാജന്റെ കൊലപാതകികളെ അറസ്റ്റുചെയ്യണ മെന്നാവശ്യപ്പെട്ട് | 89 | 248 | 14.7.2011ന് LMS Compound-ൽ സംഭവത്തിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ-തിരെ നടപടി സ്വീകരിച്ചിട്ടുണ്ട് |
| കൊല്ലം സിറ്റി | എ.ആർ ക്യാമ്പിന് മുൻവശം | എസ്എഫ്.ഐ | - | - | |
| കോട്ടയം | കളക്ടറേറ്റിന് മുൻവശം | സ്വാശ്രയ വിദ്യാഭ്യാസ നയത്തിനെതിരെ SFI കളക്ടറേറ്റ് മാർച്ച് | - | 10 | |
| കോട്ടയം | " | പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിന് ഇടതുപക്ഷ സംഘടനകളുടെ മാർച്ച് | – | 19 | |
| തൃശ്ശൂർ റൂറൽ | ചാലിയക്കര ടോൾ പ്ലാസക്ക് സമീപം | ടോൾ പിരിവിനെതിരെ ബി.ജെ.പി.മാർച്ച് | - | 56 | |
| പാലക്കാട് | സിവിൽ സ്റ്റേഷൻ | പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിന് ഇടതുപക്ഷ സംഘടനകളുടെ സിവിൽ സ്റ്റേഷൻ മാർച്ച് | 4 | 22 | |
| കോഴിക്കോട് സിറ്റി | PWD ഓഫീസിന് സമീപം | റോഡുകളുടെ ശോചനീയ വസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് DYFI പ്രവർകർ നടത്തിയ PWD Office | - | 17 | |

6483

| | | | | |
|---|---|---|---|---|
| | | മാർച്ച് | | |
| | West Hill Engg.College | നിർമ്മൽ മാധവിന്റെ അഡ്മിഷൻ സംബന്ധിച്ച് SFI/DYFI മാർച്ച് | 6 | 6 |
| " | നടക്കാവ് | SFI പ്രവർത്തകരെ കള്ള ക്കേസ്സിൽ കുടുക്കുന്നു വെന്നാരോപിച്ച് SFI/DYFI പോലീസ് സ്റ്റേഷൻ മാർച്ച് | - | 12 |
| കണ്ണൂർ | പരിയാരം മെഡിക്കൽ കോളേജ് | പരിയാരം മെഡിക്കൽ കോളേജ് അഴിമതി ക്കെതിരെ KSU മാർച്ച് | | |
| " | കളക്ടറേറ്റ് | തിരുവനന്തപുരത്ത് SFI വിദ്യാർത്ഥികളെ ലാത്തിച്ച്ർജ് ചെയ്തതിൽ പ്രതിഷേധിച്ചു SFI നടത്തിയ മാർച്ച് | - | 419 |
| " | " | സ്വാശ്രയ വിദ്യാഭ്യാസ നയത്തിനെതിരെ SFI പ്രവർത്തകർ നടത്തിയമാർച്ച് | | |
| കാസർഗോഡ് | കളക്ടറേറ്റ് | പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിനെതിരെ ഇടതുപക്ഷ സംഘടനകൾ നടത്തിയമാർച്ച് | 5 | - |
| ആലപ്പുഴ | കളക്ടറേറ്റ് | SFI നേതാവ് അനീഷ് രാജന്റെ കൊലപാതകികളെ അറസ്റ്റ് ചെയ്യണ മെന്നവശ്യമുന്നയിച്ചു കൊണ്ട് SFI പ്രവർത്തകർ നടത്തിയമാർച്ച് | - | 25 |
| | | ആകെ | 104 | 834 |

സെക്ഷൻ ഓഫീസർ